**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **08-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പാക്കേജ് പുരോഗതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുത വിതരണ മേഖലയിലെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് സർക്കാർ പ്രഖ്യാപിച്ച മലപ്പുറം പാക്കേജിന്റെ പുരോഗതി വെളിപ്പെടുത്താമോ; | (എ) | മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി വിതരണ മേഖലയിൽ തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകൾക്കു കീഴിൽ 410.93 കോടി രൂപയുടെ പ്രവൃത്തികൾക്ക് KSEBL ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ വിളിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.<br><br>പ്രസരണ വിഭാഗത്തിൽ മലപ്പുറം ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ 2022-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചതും ആയ പദ്ധതികളെ കൂടാതെ 2032 വരെയുള്ള കാലയളവിലേക്കായി 521 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന വിവിധ ഹ്രസ്വ മധ്യ ദീർഘകാല പദ്ധതികൾ ഉൾപ്പെടുത്തി മലപ്പുറം പാക്കേജ് എന്ന പേരിൽ ഒരു സ്പെഷ്യൽ പാക്കേജ് രൂപപ്പെടുത്തിയിട്ടുണ്ട്.<br><br>പാക്കേജിൽ ഉൾപ്പെട്ട വിവിധ പദ്ധതികളുടെ സാങ്കേതിക സാധ്യത പഠനം നടന്നു വരികയാണ്. സാധ്യത പഠനത്തിൽ അനുകൂല റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബോർഡിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ് എന്ന് KSEBL അറിയിച്ചിരിക്കുന്നു. |
| (ബി) | പ്രസ്തുത പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വ -ദീർഘകാല പദ്ധതികളുടെ വിശദാംശം നൽകാമോ; | (ബി) | മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തി വിതരണ വിഭാഗത്തിൽ തിരൂർ, മഞ്ചേരി, നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളുകൾക്കു കീഴിൽ പ്രധാനമായും 165 കി.മീ. HT OH ലൈനും 269 കി.മീ. HT ABC ലൈനും 27 കി.മീ. HT covered conductor ഉം 210കി.മീ. HTഭൂഗർഭ കേബിളും 6.65 കി.മീ. LT OH ലൈനും 663 കി.മീ. LT ABC ലൈനും 1 കി.മീ. LT covered conductor ഉം പുതുതായി നിർമ്മിക്കാനും 649 ട്രാൻസ്ഫോർമറുകളും 4 Ring Main Unit (RMU) |

| | | | |
|---|---|---|---|
| | | | കളും പുതുതായി സ്ഥാപിക്കാനും 732 ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതോടൊപ്പം 973 കി.മീ. പഴയ LT ലൈനുകൾ മാറ്റി പുതിയതു വലിക്കാനും 91 കി.മീ. HT ലൈനുകളും 35 കി.മീ. LT ലൈനുകളും കവേർഡ് കണ്ടക്ടറുകൾ ആക്കി മാറ്റാനും 26 കി.മീ. എൽ ടി സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>905 ട്രാൻസ്ഫോർമറുകൾ, 321.6 km LT എബിസി ലൈൻ, 369 km എച്ച്.ടി ലൈൻ എന്നിവ അടിയന്തരമായും ബാക്കി പ്രവൃത്തികൾ ദീർഘകാലാടിസ്ഥാനത്തിലും ചെയ്തു തീർക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>വൈദ്യുതി ഉപഭോഗത്തിലും ഇലക്ട്രിക് വാഹനങ്ങളുമായി ബന്ധപ്പെട്ട നയങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രവൃത്തികളിൽ ചെറിയ വ്യതിയാനങ്ങൾക്ക് സാധ്യതയുണ്ട്.<br><br>പ്രസരണ വിഭാഗത്തിൽ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ, പദ്ധതിയുടെ പേര്, വർഷം, അസംബ്ലി മണ്ഡലം തിരിച്ച് അനുബന്ധമായി നൽകുന്നു.<br><br>2024-25, 2025-26 കാലത്തേക്കുള്ള 9 പദ്ധതികൾ ഉൾപ്പെടുന്ന ഹ്രസ്വകാലപദ്ധതികൾ, 2025-26, 2026-27 കാലത്തേക്കുള്ള 17 പദ്ധതികൾ ഉൾപ്പെടുന്ന മധ്യകാല പദ്ധതികൾ, 2027-28, 2028-29 കാലത്തേക്കുള്ള 19 പദ്ധതികൾ ഉൾപ്പെടുന്ന ദീർഘകാല പദ്ധതികൾ എന്നിവയാണ് മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | ജില്ലയിൽ നേരിടുന്ന വോൾട്ടേജ് ക്ഷാമം, അടിക്കടിയുള്ള വൈദ്യുത തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ പാക്കേജിലൂടെ സാധിക്കുമോ;വിശദമാക്കാമോ; | (സി) | മലപ്പുറം പാക്കേജിനു പുറമെ നിലവിൽ ദ്യുതി 2, കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Revamped Distribution Sector Scheme (RDSS)എന്നീ പദ്ധതികളിലുള്ള പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. സ്പെഷ്യൽ പാക്കേജ്, ദ്യുതി 2, RDSS പദ്ധതികൾ പൂർത്തീകരിക്കുന്നതോടു കൂടി മലപ്പുറം ജില്ലയിൽ വിതരണ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>പ്രസരണ മേഖലയിൽ മലപ്പുറം പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരി-ക്കുന്നതോടെ മലപ്പുറം ജില്ലയിൽ നിലവിൽ |

| | | | |
|---|---|---|---|
| | | | അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം, വൈദ്യുത തടസ്സങ്ങൾ എന്നിവയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പാക്കേജിലെ വിവിധ പദ്ധതികൾക്ക് മുൻഗണനാ ക്രമം നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത പാക്കേജ് പരിപൂർണ്ണമായും യാഥാർത്ഥ്യമാകുന്നത് എന്നാണെന്ന് വെളിപ്പെടുത്താമോ? | (ഡി) | ഉണ്ട്. വിതരണ വിഭാഗത്തിൽ അടിയന്തരമായി ചെയ്യേണ്ട ട്രാൻസ്ഫോർമറുകൾ, ലൈനുകൾ തുടങ്ങിയവ 2024-25 വർഷത്തിലും ബാക്കിയുള്ളവ 2025-26, 2026-27 എന്നീ വർഷങ്ങളിലും ചെയ്തു തീർക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>2024-2032 കാലത്തേക്കുള്ള 521 കോടി രൂപയുടെ വിവിധ പദ്ധതികളാണ് ഹ്രസ്വ മധ്യ ദീർഘകാല അടിസ്ഥാനത്തിൽ പ്രസരണ വിഭാഗത്തിൽ മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2032 ഓടെ ഈ പ്രവൃത്തികൾ പൂർത്തീകരിക്കുക എന്നതാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമന മ്പർ | ജോലിയുടെ വിവരണവും<br>അസംബ്ലി മണ്ഡലവും | പദ്ധതി പൂർത്തീകരണ കാലയളവ് | തുക (ലക്ഷം രൂപയിൽ ) |
|---|---|---|---|
| A | ഹ്രസ്വകാല പദ്ധതികൾ | | |
| 1 | 33KV ക്കുരിയാട് സബ്സ്റ്റേഷനിൽ നിലവിലുള്ള 2 x 8MVA ട്രാൻസ്ഫോർമറുകളുടെ കൂടെ 1 x 8MVA കൂടി ചേർത്ത് സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (വേങ്ങര) | 2024-25 | 175 |
| 2 | 110KV പരപ്പനങ്ങാടി സബ്സ്റ്റേഷനിൽ നിലവിലുള്ള 2 x 20MVA ട്രാൻഫോർമറുകളുടെ കൂടെ 1 x 12.5MVA കൂടി ചേർത്ത് സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (തിരൂരങ്ങാടി) | 2024-25 | 375 |
| 3 | 220 കെ.വി മലാപറമ്പ് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ 110 കെ.വി ബസിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (പെരിന്തൽണ്ണ) | 2024-25 | 400 |
| 4 | മലപ്പുറത്തെ 110kV സബ്സ്റ്റേഷനിൽ 3 X 12.5MVA 110/11kV ട്രാൻസ്ഫോർമറുകൾ മാറ്റി 2X20MVA + 1X12.5MVA ട്രാൻസ്ഫോർമറുകളാക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (മലപ്പുറം) | 2024-25 | 540 |
| 5 | മലപ്പുറത്തെ 110kV സബ്സ്റ്റേഷനിൽ 2X16MVA 110/33kV ട്രാൻസ്ഫോർമറുകൾ മാറ്റി 2X25MVA ട്രാൻസ്ഫോർമറുകളാക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (മലപ്പുറം) | 2024-25 | 600 |
| 6 | മേലാറ്റൂർ 110kV സബ്സ്റ്റേഷനിൽ 110/11kV, 2X12.5MVA ട്രാൻസ്ഫോർമറുകൾ മാറ്റി 2X20MVA ട്രാൻസ്ഫോർമറുകളാക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (പെരിന്തൽമണ്ണ) | 2024-25 | 630 |
| 7 | എളങ്കൂർ-മഞ്ചേരി 110 കെ.വി ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (മഞ്ചേരി) | 2024-25 | 700 |
| 8 | കൊപ്പം താഴെക്കോട് 33 കെ.വി ലൈനിൽ നിന്ന് 1 കിലോമീറ്റർ 33 കെ.വി ലൈൻ വലിച്ച് ഏലംകുളത്ത് പുതിയ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്ന പ്രവൃത്തി (പെരിന്തൽമണ്ണ) | 2025-26 | 580 |
| 9 | എടപ്പാൾ 110 കെവി സബ്സ്റ്റേഷനിൽ 25 എം.വി.എ.ആർ, കപ്പാസിറ്റർ ബാങ്ക് യൂണിറ്റ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി (തവനൂർ) | 2025-26 | 100 |
| B | മധ്യകാല പദ്ധതികൾ | | |
| 1 | തിരൂർ 110 കെവി സബ്സ്റ്റേഷനിൽ 110/33 കെവി 16 എംവിഎ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, താനൂരിൽ | 2025-26 | 1650 |

| | | | |
|---|---|---|---|
| | പുതിയ 33 കെവി സബ്സ്റ്റേഷൻ നിർമ്മാണം, നിർദ്ദിഷ്ട താനൂർ സബ്സ്റ്റേഷനിലേക്ക് 33 കെവി ലൈനിന്റെ നിർമ്മാണം (തിരൂർ, താനൂർ) | | |
| 2 | പൊന്നാനി 110 കെ.വി സബ്സ്റ്റേഷനിൽ 110/33 കെ.വി 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, വെളിയംകോട് പുതിയ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം, നിർദ്ദിഷ്ട വെളിയംകോട് സബ്സ്റ്റേഷനിലേക്ക് 33 കെ.വി ലൈനിന്റെ നിർമ്മാണം (പൊന്നാനി) | 2026-27 | 1450 |
| 3 | പരപ്പനങ്ങാടി 110 കെ.വി സബ്സ്റ്റേഷനിൽ 110/33 കെ.വി 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, വള്ളിക്കുന്ന്/അത്താണിക്കൽ ഭാഗത്ത് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം, നിർദ്ദിഷ്ട വള്ളിക്കുന്ന്/അത്താണിക്കൽ സബ്സ്റ്റേഷനിലേക്ക് 33 കെ.വി ലൈനിന്റെ നിർമ്മാണം (തിരൂരങ്ങാടി, വള്ളിക്കുന്ന്) | 2026-27 | 1600 |
| 4 | ആലത്തിയൂർ/കാവിലക്കാട് ഭാഗത്ത് 33 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും നിർദ്ദിഷ്ട ആലത്തിയൂർ/ കാവിലക്കാട് സബ്സ്റ്റേഷനിലേക്ക് 33 കെ.വി ലൈൻ നിർമ്മാണവും (തവനൂർ) | 2026-27 | 1350 |
| 5 | ചേളാരി 110KV സബ്സ്റ്റേഷനിലെ ഒരു 12.5MVA ട്രാൻസ്ഫോർമർ മാറ്റി 20MVA ട്രാൻസ്ഫോർമറാക്കി ശേഷി വർദ്ധിപ്പിക്കൽ (വള്ളിക്കുന്ന്) | 2026-27 | 300 |
| 6 | ഒതുക്കുങ്ങൽ 33KV സബ്സ്റ്റേഷനിലെ 3 x 5MVA ട്രാൻസ്ഫോർമറുകൾ മാറ്റി 2 x 8MVA + 1x 5MVA ട്രാൻസ്ഫോർമറുകളാക്കി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (വേങ്ങര) | 2025-26 | 200 |
| 7 | താഴെക്കോട് 33 കെ.വി സബ്സ്റ്റേഷന്റെ ശേഷി 2 x 5 എം.വി.എ-യിൽ നിന്ന് 2 x 8 എം.വി.എ ആയി വർദ്ധിപ്പിക്കുന്ന പ്രവൃത്തി (പെരിന്തൽമണ്ണ) | 2026-27 | 200 |
| 8 | പാണ്ടിക്കാട് 33 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും മേലാറ്റൂരിൽ നിന്ന് 33 കെ.വി ലൈൻ നിർമ്മാണവും (മഞ്ചേരി) | 2026-27 | 1150 |
| 9 | കാവനൂർ 33 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും 33 കെ.വി ലൈൻ നിർമ്മാണവും (ഏറനാട്) | 2026-27 | 660 |
| 10 | മലപ്പുറം 110 കെ.വി സബ്സ്റ്റേഷനിൽ നിന്ന് വള്ളുവമ്പ്രം 33 കെ.വി സബ് സ്റ്റേഷനിലേക്കുള്ള 33 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്ന പ്രവൃത്തി (കൊണ്ടോട്ടി) | 2026-27 | 880 |

| | | | |
|---|---|---|---|
| 11 | 33 കെ.വി മേലാറ്റൂർ വെട്ടത്തൂർ ലൈനിന്റെ നിർമ്മാണം (അലനല്ലൂർ ടാപ്പ് പോയിന്റ് വരെ) (മണ്ണാർക്കാട്) | 2026-27 | 1040 |
| 12 | പട്ടിക്കാട് പുതിയ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം (മഞ്ചേരി) | 2026-27 | 2000 |
| 13 | കക്കാടംപൊയിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം, 33 കെ.വി സബ്സ്റ്റേഷൻ ഉറുമി, 110 കെ.വി സബ്സ്റ്റേഷൻ നിലമ്പൂർ എന്നിവിടങ്ങളിൽ നിന്ന് കക്കാടംപൊയിലിലേക്കുള്ള 33KV ലൈൻ നിർമ്മാണം (തിരുവമ്പാടി). | 2026-27 | 2000 |
| 14 | മലപ്പുറം 110 കെ.വി സബ്സ്റ്റേഷനിൽ നിന്ന് മക്കരപ്പറമ്പ് 33 കെ.വി സബ് സ്റ്റേഷനിലേക്കുള്ള 33 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ആക്കി മാറ്റുന്ന പ്രവൃത്തി (മങ്കട) | 2025-26 | 645 |
| 15 | എടയൂരിൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം (കോട്ടക്കൽ) | 2026-27 | 2000 |
| 16 | തലപ്പാറയിൽ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം (വള്ളിക്കുന്ന്) | 2026-27 | 2400 |
| 17 | എടരിക്കോട് മുതൽ ഒതുക്കുങ്ങൽ വരെയുള്ള 33 കെ.വി ലൈൻ, കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് ബലപ്പെടുത്തുന്ന പ്രവൃത്തി (കോട്ടക്കൽ) | 2026-27 | 700 |
| C | **ദീർഘകാല പ്രവൃത്തികൾ** | | |
| 1 | പൊൻമുണ്ടത്ത് 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം (താനൂർ) | 2029-30 | 2400 |
| 2 | തിരുനാവായയിലെ 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി ആക്കി ഉയർത്തുന്നതും അനുബന്ധ ലൈനിന്റെ നിർമ്മാണവും (തിരൂർ) | 2028-29 | 4000 |
| 3 | നിർദ്ദിഷ്ട ആലത്തിയൂർ/ കാവിലക്കാട് 33 കെ.വി സബ്സ്റ്റേഷനിലേക്കുള്ള രണ്ടാമത്തെ സ്രോതസ്സായി പൊന്നാനി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി ലൈനിന്റെ നിർമ്മാണം (പൊന്നാനി) | 2028-29 | 750 |
| 4 | താനൂരിലെ നിർദ്ദിഷ്ട 33 കെ.വി സബ്സ്റ്റേഷനിലേക്കുള്ള രണ്ടാം സ്രോതസ്സായി പരപ്പനങ്ങാടി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി ലൈനിന്റെ നിർമ്മാണം (താനൂർ) | 2027-28 | 750 |
| 5 | എടയൂരിലെ നിർദ്ദിഷ്ട 110 കെ.വി സബ്സ്റ്റേഷനിൽ 110/33 കെ.വി 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, വലിയകുന്നിൽ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം, നിർദ്ദിഷ്ട വലിയകുന്ന് 33 കെ.വി | 2028-29 | 1250 |

| | | | |
|---|---|---|---|
| | സബ്സ്റ്റേഷനിലേക്ക് 33 കെ.വി ലൈനിന്റെ നിർമ്മാണം. (കോട്ടക്കൽ) | | |
| 6 | കവർഡ് കണ്ടക്ടർ ഉപയോഗിച്ച് എടരിക്കോട് - കൽപകഞ്ചേരി 33 കെ.വി ലൈൻ നിർമ്മാണം (തിരൂർ, തിരൂരങ്ങാടി) | 2027-28 | 750 |
| 7 | അരീക്കോട് നിലമ്പൂർ 110 കെ.വി ലൈൻ നിർമ്മാണം (ഏറനാട്) | 2030-31 | 3360 |
| 8 | അരീക്കോട് മുതൽ തിരുവാലി വരെ 110 കെ.വി ലൈൻ നിർമ്മാണം (ഏറനാട്) | 2031-32 | 2240 |
| 9 | പെരിന്തൽമണ്ണ 110 കെ.വി സബ്സ്റ്റേഷനിൽ 110/33 കെ.വി, 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് നിർദ്ദിഷ്ട ഏലംകുളം സബ്സ്റ്റേഷനിലേക്ക് 33 കെ.വി ലൈൻ നിർമ്മാണം (പെരിന്തൽണ്ണ) | 2027-28 | 385 |
| 10 | 33 കെ.വി കാളികാവ് കരുവാരക്കുണ്ട് ലൈനിന്റെ നിർമ്മാണം (വണ്ടൂർ) | 2027-28 | 800 |
| 11 | മഞ്ചേരി 110 കെ.വി സബ്സ്റ്റേഷനിൽ പുതിയ 110/33 കെ.വി 16 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, മെഡിക്കൽ കോളജ് 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം, മഞ്ചേരി സബ്സ്റ്റേഷനിൽ നിന്ന് മെഡിക്കൽ കോളേജിലേക്ക് 33 കെ.വി ലൈൻ നിർമ്മാണം. (മഞ്ചേരി) | 2027-28 | 650 |
| 12 | 110 കെ.വി അരീക്കോട് കിഴിശ്ശേരി ഡബിൾ സർക്യൂട്ട് ലൈനിന്റെ ശേഷി വർദ്ധിപ്പിക്കൽ (ഏറനാട്) | 2027-28 | 480 |
| 13 | 110 കെ.വി മലപ്പുറം കിഴിശ്ശേരി ഡബിൾ സർക്യൂട്ട് ലൈനിന്റെ ശേഷി വർദ്ധിപ്പിക്കൽ (ഏറനാട്) | 2028-29 | 960 |
| 14 | മലപ്പുറം - എടരിക്കോട്, എടരിക്കോട് - തിരൂർ എന്നീ 110 കെ.വി ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ (മലപ്പുറം, കോട്ടക്കൽ, തിരൂരങ്ങാടി) | 2027-28 | 3360 |
| 15 | പാവണ്ണ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും കിഴിശ്ശേരി-എടവണ്ണ 33 കെ.വി ലൈനിൽ നിന്നുള്ള 33 കെ.വി ലൈൻ നിർമ്മാണവും (ഏറനാട്) | 2027-28 | 660 |
| 16 | വടപുരം 33 കെവി സബ്സ്റ്റേഷൻ നിർമ്മാണവും നിലമ്പൂർ 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള 33 കെ.വി ലൈൻ നിർമ്മാണവും (ഏറനാട്) | 2026-27 | 800 |

| | | | |
|---|---|---|---|
| 17 | തിരുവാലി 110 കെവി സബ്സ്റ്റേഷൻ മുതൽ വടപുരം സബ്സ്റ്റേഷൻ വരെയുള്ള 33 കെ.വി ലൈൻ നിർമ്മാണം (വണ്ടൂർ) | 2027-28 | 500 |
| 18 | വാഴക്കാട് 110 കെ വി സബ്സ്റ്റേഷൻ നിർമ്മാണവും, കിഴിശ്ശേരി 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും 110 കെ.വി ലൈൻ നിർമ്മാണവും (കൊണ്ടോട്ടി) | 2027-28 | 2480 |
| 19 | ചുങ്കത്തറ 33 കെവി സബ്സ്റ്റേഷൻ നിർമ്മാണവും 110 കെവി നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നുള്ള 33 കെ.വി ലൈനിന്റെ നിർമ്മാണവും (നിലമ്പൂർ) | 2027-28 | 1200 |
| **ആകെ** | | | **52100 ലക്ഷം** |